മധുരമായ കുട്ടികളെ-സംഗദോഷത്തില് നിന്ന് നിങ്ങള് വളരെ ശ്രദ്ധയോടെ ഇരിക്കണം, കാരണം സംഗദോഷത്തില് വരുന്നതിലൂടെത്തന്നെയാണ് തലതിരിഞ്ഞ കര്മ്മങ്ങള് ഉണ്ടാകുന്നത്, ബാബയുടെ ഓര്മ്മ ഇല്ലാതാകുന്നത്.

ചോദ്യം :- ഏതൊരു സംസ്ക്കാരത്തിന്റെ ആധാരത്തിലാണ് നിങ്ങള് കുട്ടികള്ക്ക് തന്റെ അവസ്ഥ ഉന്നതിയിലേക്ക് കൊണ്ടുപോകാന് സാധിക്കുന്നത്?

ഉത്തരം :- അഥവാ എന്തെങ്കിലും തെറ്റ് സംഭവിക്കുമ്പോള് ബാബയോട് ക്ഷമ ചോദിക്കുന്നതിന്റെ സംസ്ക്കാരം ഉണ്ടായിരിക്കണം. എന്നോട് ക്ഷമിക്കണം എന്ന് ബാബയോട് പറയണം. ഇതില് അല്പ്പം പോലും ദേഹാഭിമാനം വരരുത്, ഇതിലൂടെ അവസ്ഥ മെച്ചപ്പെടുകയും ചെയ്യും. ബാബയോട് സത്യമായ ഹൃദയം വെക്കുക എന്നത് ഉയരുന്ന കലയുടെ ആധാരമാണ്. ഒരിക്കലും സ്വയം മിഥ്യാജ്ഞാനി എന്ന് കരുതരുത്. തെറ്റുകള് എല്ലാവര്ക്കും സംഭവിക്കാം കാരണം ഇതു വരെ ആരും പരിപൂര്ണമായിട്ടില്ല.

ഗീതം :- ഞങ്ങള്ക്കാവഴിയിലൂടെ നടക്കണം........

ഓംശാന്തി. എന്തെങ്കിലും പറയേണ്ടി വരുന്നു, അപ്പോള് ഓംശാന്തി എന്ന് പറയുന്നതാണ് നല്ലത്. ആത്മാവിന് തന്റെ സ്വധര്മ്മം പറയേണ്ടതുണ്ട്. ബാബയും ഞാന് ശാന്തനാണ് എന്ന് പറയുന്നു. ശാന്തി ദേശത്ത് വസിക്കുന്നവനാണ്. നിങ്ങളും യഥാര്ത്ഥത്തില് ആത്മാക്കളാണ്, നിങ്ങളുടെ സ്വധര്മ്മം ശാന്തിയാണ്. ലോകം മുഴുവനും ശാന്തി ശാന്തി എന്ന് പറഞ്ഞ് കൊണ്ടിരിക്കുന്നു എന്നാല് യഥാര്ത്ഥ ശാന്തി എന്ന് എന്തിനേയാണ് പറയുന്നത് എന്ന് ആര്ക്കും അറിയില്ല. ഇപ്പോള് നടക്കുന്ന ഈ വഴക്കുകളും ലഹളകളും എല്ലാം ശാന്തമാകും എന്ന് വിചാരിക്കുന്നു. എന്നാല് ആ ശാന്തിയില് ഒരു പ്രയോജനവുമില്ല. വീട്ടില് സ്ത്രീയും പുരുഷനും ഉണ്ടാകും, ചിലര് വഴക്കിടുന്നു, ചിലര് വഴക്കിടുന്നില്ല. അതെന്താ ശാന്തിയാണോ? ശാന്തി മറ്റൊന്നാണ്. ശാന്തി ആത്മാവിന്റെ സ്വധര്മ്മമാണ്. ബാബയുടെ സ്വധര്മ്മവും ശാന്തിയാണ്. ആത്മാക്കളുടെ അച്ഛനാരാണ് ?പരമപിതാ പരമാത്മാവ്. പരമാത്മാവിന്റെ ധര്മ്മമെന്താണ് ?പരമാത്മാവിന്റെ ധര്മ്മവും ശാന്തിയാണ്. പരമപിതാ പരമാത്മാവ് ശാന്തിദേശത്ത് വസിക്കുന്നവനാണ്. നമ്മളും ശാന്തിദേശത്ത് വസിക്കുന്നവരാണ്. ആരെങ്കിലും വരികയാണെങ്കില് പറയണം- നിങ്ങളുടെ സ്വധര്മ്മം ശാന്തിയല്ലേ. നിങ്ങള് യഥാര്ത്ഥത്തില് അവിടെ വസിക്കുന്നവരാണ്, ഇവിടെ പാര്ട്ടഭിനയിക്കുന്നതിന് വന്നിരിക്കുന്നു. ശരീരത്തിലൂടെ പാര്ട്ടഭിനയിക്കുക തന്നെ വേണം. വാസ്തവത്തില് ശാന്തിക്ക് വേണ്ടി കാട്ടിലൊന്നും പോകേണ്ട കാര്യമില്ല. ആത്മാവിന് തന്റെ സ്വധര്മ്മം അറിയാം. ആത്മാവ് ക്ഷീണിക്കുകയാണെങ്കില് രാത്രിയില് അശരീരിയാകുന്നതിലൂടെ ശാന്തമാകുന്നു. രാത്രിയില് എന്ത് നിശബ്ദതയാണ്. രാവിലെയാകുന്നതിലൂടെ ശബ്ദം തുടങ്ങുന്നു. അത് പരിധിയുള്ള രാത്രിയും പകലുമാണ്. ഇപ്പോള് പരിധിയില്ലാത്ത രാത്രിയും പകലുമാണ്. ആത്മാവ് 84 ജന്മം പാര്ട്ടഭിനയിച്ചത് കാരണം ക്ഷീണിച്ച് പോയി, അതിനാല് ഇപ്പോള് തിരികെ ശാന്തീധാമില് പോകണം എന്ന് പറയുന്നു. ശാന്തീധാമിനേയും സുഖധാമിനേയും ഒര്മ്മിക്കൂ എന്ന് ബാബയും പറയുന്നു. സുഖധാമിലിരുന്ന് അല്പ്പം പോലും ഒര്മ്മിക്കുന്നില്ല. ദു:ഖധാമിലും, അശാന്തീധാമിലുമാണ് ഓര്മ്മിക്കുന്നത്. എങ്കില് ഇപ്പോള് ബാബ പറയുന്നു - കുട്ടികളേ, ഇപ്പോള് നാടകം പൂര്ത്തിയാകുന്നു, നിങ്ങള്ക്ക് വീട്ടില് പോകണം, പിന്നീട് നിങ്ങള്ക്ക് ശാന്തിയും, സുഖവും ഉണ്ടാകും.

ബാബ പറയുന്നു ഞാന് വഴികാട്ടിയാണ്, നിങ്ങളെ തിരികെ സത്യമായ യാത്രയിലേക്ക് കൊണ്ട് പോകാന് വന്നിരിക്കുന്നു. ശാന്തീധാമിലേക്കുള്ള മാര്ഗദര്ശി ഒരേ ഒരു ബാബയാണ്,ആ ബാബയുടെ മക്കളുമാണ്. ഒരാളു മാത്രമായി ജോലി നടക്കില്ല. എത്ര വലിയ സേനയാണ്. എല്ലാവരുടെ മുഖവും ശാന്തീധാമിന് നേരേയാണ്. അത് ഉയര്ന്നതിലും ഉയര്ന്ന വീടാണ്. ബദ്രീനാഥിലേക്കും, അമര്നാഥിലേക്കും വലിയ ദൂരമൊന്നുമില്ല. അവിടെ പോകുക വളരെ സഹജമാണ്. ശരി, മൂലവതനത്തിലോ സൂക്ഷ്മവതനത്തിലോ പോകുന്നതാണോ, അമര്നാഥിലും ബദ്രീനാഥിലും പോകുന്നതാണോ എളുപ്പം? സൂക്ഷ്മ വതനവും, മൂലവതനവും ആണോ സമീപം അതോ അമര്നാഥും ബദ്രീനാഥുമാണോ സമീപം? നോക്കുമ്പോള് സൂക്ഷ്മ വതനവും, മൂലവതനവും വളരെ ഉയരത്തിലാണ്. എന്നാല് അവിടെ പോകാന് നേരമെടുക്കില്ല, സെക്കന്റിന്റെ കാര്യമേ ഉള്ളൂ. നിങ്ങള് ബുദ്ധിയിലൂടെ ഓര്മ്മിച്ചാല് മാത്രം മതി.

ആ സ്ഥൂലമായ യാത്രകള് പുതിയ കാര്യമൊന്നുമല്ല. അരകല്പ്പം ആ യാത്ര ചെയ്ത് വന്നിരിക്കുകയാണ്. ഈ ആത്മീയ യാത്ര നിങ്ങളെ ഒരേയൊരു ബാബയാണ് വന്ന് ചെയ്യിക്കുന്നത്. നിങ്ങള് തിരികേ കിട്ടിയ കുട്ടികളാണ്. നിങ്ങള് വഴി പറഞ്ഞ് കൊടുക്കുക തന്നെ വേണം. നിങ്ങള് ക്ഷേത്രങ്ങളില് ചെന്ന് ഈ ദേവീ ദേവതമാര് എപ്പോള് രാജ്യം ഭരിച്ചിരുന്നു, ഇവരെ ആരാണ് ഇങ്ങിനെ പൂജ്യരാക്കി തീര്ത്തത് എന്നെല്ലാം മനസിലാക്കി കൊടുക്കൂ. നിങ്ങള്ക്കറിയാം ആദ്യം ഞങ്ങള് പൂജ്യരായിരുന്നു, പിന്നീട് പൂജാരികളായി എന്ന്. എങ്കില് പൂജാരിയുടെ സ്ഥാനം ചെറുതല്ലേ. പൂജ്യരാണ് ഉയര്ന്നവര്. ബാബ പൂജ്യരാക്കി തീര്ക്കുന്നു. നിങ്ങള് പൂജ്യദേവീ ദേവതമാരായിരുന്നു പിന്നീട് പൂജാരികളായി, ഇപ്പോള് പൂജ ഉപേക്ഷിച്ച് വീണ്ടും പൂജ്യരായി തീരണം. മായയുടെ വിഘ്നങ്ങളും ധാരാളമുണ്ടാകുന്നു. അബലകളില് എന്തെല്ലാം അത്യാചാരങ്ങളാണ് നടക്കുന്നത്. മറ്റ് യാത്രകള് ചെയ്യുന്നതിനോ, ക്ഷേത്രങ്ങളില് പോകുന്നതിനോ സത്സംഗങ്ങളില് പോകുന്നതിനോ ആരും തടസ്സം പറയുന്നില്ല. ഇവിടെ പൂജാരിയില് നിന്ന് പൂജ്യരാകുന്നതില് മായ എത്ര പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. ഇടക്കിടെ വീണ് പോകുന്നു. പലരും വീണ് പോകുന്നത് കാമക്കുഴിയിലാണ്. ബാബ പറയുന്നു അഴുക്കാകരുത്, ഇതില് ശ്രദ്ധ വെക്കണം. കാമ ചിതയില് വീഴുന്നതും വിഷയസാഗരത്തില് മുങ്ങുന്നതും ഏറ്റവും മോശമാണ്. ബാബ പറയുന്നു - കുട്ടികളേ കാമം മഹാശത്രുവാണ്, അതിനാല് ഒരിക്കലും വികാരത്തില് പോകരുത്, സങ്കല്പ്പം പോലും ചെയ്യരുത്, ഇതിലൂടെ തന്നേയാണ് മോശമായി തീരുന്നത്. ഇവിടെ വരുന്നവരുടേയെല്ലാം ബുദ്ധി വിഷത്തില് നിന്ന് മുക്തമാകുന്നു എന്ന് വിചാരിക്കരുത്. ചിലര് അങ്ങിനെയുമുണ്ട് പരസ്പരം കാണുമ്പോള് ഉള്ളില് കൊടുങ്കാറ്റ് വരുന്നു, അഴുക്കാകുന്നതിനുവേണ്ടി. ബാബ പറയുന്നു ഒരിക്കലും അഴുക്കാകരുത്, ആരുടേയും പുറകെ കൂടരുത്. ഒരിക്കലും വികാരത്തില് വീഴുന്ന പുരുഷാര്ത്ഥം ചെയ്യരുത്. ബാബ ഇതില് നിന്ന് രക്ഷിച്ച് കൊണ്ടിരിക്കുന്നു. സംരക്ഷണത്തിന്റെയും വീഴ്ചയുടേയും എത്ര മല്പ്പിടുത്തം നടക്കുന്നു. മായ എത്ര കൊടുങ്കാറ്റ് ഉണ്ടാക്കുന്നു. എത്ര നല്ല വിശ്വസ്തനും, ആജ്ഞാകാരിയും, സേവനയുക്തനുമായ കുട്ടിയായിരുന്നു, മായയുടെ ചാട്ടവാറടിയേറ്റ് പാടെ നശിച്ചു, മരിച്ച് പോയി, ഇത് ഡ്രാമയാണ്. മായയാണ് മോശമാക്കുന്നത്. അരകല്പ്പം ദു:ഖം നല്കുന്നതും മായയാണ്, ബാബയല്ല. ഈശ്വരന് തന്നേയാണ് ദു:ഖവും, സുഖവും നല്കുന്നത് എന്ന് വെറുതെ ആരോപിക്കുന്നു. ഈശ്വരനെ അച്ഛന് എന്ന് മനസിലാക്കുന്നില്ല. പരമാത്മാവ് എങ്ങിനെ ആര്ക്കെങ്കിലും ദു:ഖം നല്കുമോ. പരമാത്മാവ് തന്നെ ദു:ഖം നല്കുന്നു എങ്കില് ബാക്കി മനുഷ്യര് പരസ്പരം വളരെ ദു:ഖം നല്കി കൊണ്ടിരിക്കും. നിങ്ങള് തന്നേയാണ് സ്വയം ഇങ്ങിനെയുള്ള കര്മ്മം ഉണ്ടാക്കുന്നത് എന്ന് ബാബ മനസിലാക്കി തരുന്നു. സംഗദോഷത്തില് പെട്ടും തലതിരിഞ്ഞ കര്മ്മങ്ങള് ചെയ്യുന്നു. ബാബയെ മറന്ന് പോകുന്നു. സാധാരണക്കാരനാണല്ലോ, അതിനാല് കുട്ടികള് മറന്ന് പോകുന്നു. ബാബ നല്ല രീതിയില് ശിക്ഷണം നല്കുന്നു, എന്നാല് ആ ബാബയെ മറന്ന് പോകുന്നു. യോഗം പൂര്ണമല്ല എന്ന് ബാബ മനസിലാക്കി തരുന്നു. പ്രഭാഷണം നടത്തുന്നവരാണ് എന്ന് കരുതരുത്. ഒരു പണ്ഡിതന്റെ കഥ തന്നേയില്ലേ, മറ്റുള്ളവരോട് രാമ രാമ ജപിക്കുന്നതിലൂടെ നദി കടക്കാന് സാധിക്കും എന്ന് പറയും. എന്നാല് സ്വയം കടക്കാന് സാധിക്കില്ല. തോണി കൊണ്ട് വരികയാണെങ്കില് കടക്കാം എന്ന് പറയുന്നു. സ്വയം പറയുന്നവന് അത് ചെയ്യാന് സാധിക്കുന്നില്ല. പറഞ്ഞാല് മാത്രം പോരാ ചെയ്യണം. പറയുന്നതും, ചെയ്യുന്നതും, പെരുമാറ്റവും എല്ലാം സമാനമായിരിക്കണം, അതിനാല് ബാബയെ മറക്കരുത്. ബാബ തെറ്റില് നിന്നും മുക്തമാക്കുന്നു. ബാബ പറയുന്നു എന്തെങ്കിലും തെറ്റ് പറ്റുകയാണെങ്കില് വന്ന് മാപ്പ് പറയൂ - എന്നോട് ക്ഷമിക്കണം. ഇത് നിങ്ങളുടെ തെറ്റാണ് എന്ന് ശിവബാബ പറയുകയാണ് എന്ന് കരുതുക, എങ്കില് പറയണം, ശരി ബാബാ, ഞങ്ങള് ക്ഷമ ചോദിക്കുന്നു. നല്ല നല്ല കുട്ടികളില് പോലും ഇങ്ങനെയുള്ള സംസ്കാരമില്ല. ഇത്രയും വലിയ തെറ്റുചെയ്താല് മാപ്പ് ചോദിക്കണം. സ്വയത്തെ വലിയ മിഥ്യാജ്ഞാനിയെന്ന് കരുതുന്നു. പാപം ചെയ്താല് ക്ഷമ ചോദിക്കണം. അല്ലെങ്കില് അത് കൂടിക്കൊണ്ടിരിക്കും. ബാബയില് നല്ലപോലെ ബുദ്ധിയോഗം വെക്കണം. പ്രഭാഷണമൊക്കെ നല്ലപോലെ ചെയ്യുന്നുണ്ടാകാം പക്ഷെ ആരും സമ്പൂര്ണ്ണരായിട്ടില്ല. അന്തിമം വരെ വീണുകൊണ്ടും രക്ഷപ്പെട്ടുകൊണ്ടുമിരിക്കും. പറയണം, ബാബാ എന്നില് നിന്നും ഈ തെറ്റ് പറ്റി, അങ്ങ് ക്ഷമിച്ചാലും, ദയാഹൃദയാ ക്ഷമിക്കൂ. ഭക്തിമാര്ഗത്തില് ക്ഷമ ചോദിച്ച് കൊണ്ടേ ഇരിക്കും. ബാബയോട് ക്ഷമ ചോദിക്കൂ, ധര്മ്മരാജനിലൂടെ വീണ്ടും ശിക്ഷ വാങ്ങരുത് അതിനാല് വളരെ ശ്രദ്ധിക്കണം. ഞങ്ങള് 16 കലാ സമ്പൂര്ണരായി എന്ന് വിചാരിക്കരുത്, ആയിട്ടില്ല. ധാരാളം കുട്ടികള് ബാബാ, അശുദ്ധ സ്വപ്നം വളരെ ഉണ്ടാകുന്നു എന്ന് എഴുതാറുണ്ട്. ബാബയുടെ ഓര്മ്മ പോലും നില്ക്കുന്നില്ല. മിഥ്യാജ്ഞാനിയാകരുത്. അന്തിമത്തില് 16 കലാ സമ്പൂര്ണരാകും. ഇപ്പോള് ഗ്രഹണം ബാധിച്ചിരിക്കുന്നു. നിങ്ങള്ക്ക് ആ അവസ്ഥയിലെത്തണം. ഇവിടെ ഇരുന്നിരുന്ന് പറക്കും. ആത്മാവിനാണ് ആകര്ഷണം ഉണ്ടാകുന്നത്, കാരണം കല്പ്പത്തെ ക്ഷീണമുണ്ട്, രോഗഗ്രസ്ഥനാണ്, അതിനാല് പെട്ടെന്ന് പോകണം. എന്നാല് യോഗ്യരും ആകേണ്ടതാണ്. ചിലര് ഇവിടെ

തന്നെ ചുറ്റി കറങ്ങുന്നതിനും ആഭരണങ്ങള് ധരിക്കുന്നതിലും സന്തുഷ്ടരാകുന്നു, പിന്നീട് ദു:ഖികളാകുമ്പോള് ബാബയേ ഉപേക്ഷിച്ചത് തെറ്റായി പോയി എന്ന് പറയുന്നു. ശരി, വീണ്ടും ധൈര്യം കാണിക്കൂ, പഠിക്കൂ. ഉപദ്രവം ചെയ്യുന്നവരോട് പോലും ഉപകാരം ചെയ്യൂ. എന്നാല് വീണ്ടും തല കേടാക്കുന്നവിധത്തിലാകരുത്. മായ വീഴ്ത്തുന്നു, ബാബ ഉയര്ത്തുന്നു. ലക്ഷ്യം വളരെ ഉയര്ന്നതാണ്, ഇത് ബുദ്ധിയോഗം കൊണ്ടുള്ളയാത്രയാണ്. പുരുഷാര്ത്ഥത്തില് സമയമെടുക്കുന്നു. ലക്ഷ്യം വളരെ എളുപ്പമാണ്. ഒരു സെക്കന്റില് നിങ്ങള് ജീവന്മുക്തിയുടെ അധികാരിയായി തീരുന്നു. ഒരു തവണ ബാബാ എന്ന് പറഞ്ഞ് പിന്നെ എങ്ങിനെ മറന്നു പോകുന്നു ? ബാബയില് നിന്ന് സ്വര്ഗ്ഗത്തിന്റെ സമ്പത്തെടുക്കണം എന്ന് നിശ്ചയമുണ്ട്, പിന്നെ എന്ത് കൊണ്ടാണ് വീഴുന്നത് ? ഓര്മ്മയിലൂടെ എന്ത് കൊണ്ട് സംരക്ഷിക്കുന്നില്ല ? നല്ല നല്ല കുട്ടികളും മറന്ന് പോകുന്നു. പിന്നീട് കൂടുതല് ഡിസ് സര്വ്വീസാകുന്നു. സേവനം ഗുപ്തമാണ് അത് പോലെ തന്നെ ഡിസ്സര്വ്വീസും ഗുപ്തമാണ്. ലോകത്തിന് എന്തറിയാം ? ആരിലെങ്കിലും ഏതെങ്കിലും ഭൂതത്തിന്റെ പ്രവേശമോ, അശുദ്ധാത്മാവിന്റെ പ്രവേശമോ ഉണ്ടാകുമ്പോള് അതും നഷ്ടമുണ്ടാക്കുന്നു. മായാവീ ആത്മാവ് പ്രവേശിക്കുന്നു. ജ്ഞാനമുണ്ടാകും എന്നാല് ആരും പരിപൂര്ണ്ണരാകുന്നില്ല. എന്തെങ്കിലും കുറവുകള് ഉണ്ട് എങ്കില് പേടിക്കണം. ഞങ്ങള്ക്ക് ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം. ശ്രീമതമനുസരിച്ച് നടന്നില്ല എങ്കില്, എന്തെങ്കിലും മോശം കര്മ്മം ചെയ്തു എങ്കില് പദവിയും ഭ്രഷ്ടമാകും, വളരെ ശിക്ഷയും അനുഭവിക്കേണ്ടി വരും. കര്മ്മഫലം ഇവിടെ തന്നെ വളരെ കഠിനമായി അനുഭവിക്കേണ്ടി വരും അതിനാല് കര്മ്മാതീതാവസ്ഥയുടെ പുരുഷാര്ത്ഥം ചെയ്യണം.

ബാബയോട് വളരെ സത്യമായി ഇരിക്കണം. എല്ലാവര്ക്കും ശിവബാബയുമായി കണക്ഷനുള്ളതാണ്. എല്ലാ സെന്ററുകളും ശിവബാബയുടേതാണ്. നിങ്ങളുടെ സെന്റര് പിന്നെ എവിടെ നിന്ന് വന്നു ? നിങ്ങള് ശിവബാബയുടേതാണ്. വിശ്വവിദ്യാലയം ബാബയുടേതല്ലേ. ഈശ്വരീയ വിശ്വവിദ്യാലയമാണ്. ഇത് എന്റെ സെന്ററാണ് എന്ന ചിന്ത വന്നാല് മരിച്ചു എന്നര്ത്ഥം. ഇങ്ങിനെ എന്റെ എന്റെ എന്ന് പറഞ്ഞ് എത്ര പേര് വീണു പോകുന്നു. എല്ലാം ശിവബാബയുടേതാണ്. നിങ്ങള് ബാബാ, ഈ ശരീരം മനസ്, ധനം എല്ലാം അങ്ങയുടേതാണ് എന്ന് പറയുന്നു. ബാബയും പറയുന്നു - സ്വര്ഗത്തിന്റെ രാജ്യാധികാരം മുഴുവന് നിങ്ങള്ക്കാണ്. എത്ര പ്രതിഫലം ലഭിക്കുന്നു. നിങ്ങള് എന്ത് നല്കുന്നു ?മരിക്കുന്നതിന് മുമ്പ് ക്രിയാകര്മ്മങ്ങള് ചെയ്യുന്നവര്ക്ക് കൊടുക്കാറില്ലേ. ജീവിച്ചിരിക്കെ ദാനം ചെയ്യുന്നു. പ്രതീക്ഷയില്ലാതായാല് ദാന പുണ്യങ്ങള് ചെയ്യുന്നതായി കാണാറുണ്ട്. ബാബയും പറയുന്നു - കുട്ടികളേ, ജീവിച്ചിരിക്കെ ചെയ്യൂ, ഇത് പഴയ ശരീരമാണ്. നിങ്ങളാത്മാക്കള് എന്റേതാണ്. ഈ ശരീരം പാര്ട്ടഭിനയിച്ചഭിനയിച്ച് ഇപ്പോള് പഴയതായി. ഇപ്പോള് വീണ്ടും എന്റേതാകുകയാണെങ്കില് നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും ശുദ്ധമായി തീരും. രണ്ടും ഒരുമിച്ച് ശുദ്ധമാകുന്നു. അപവിത്രമായ ആത്മാവിനെ ശുദ്ധമാക്കണം. എന്നോട് യോഗം വെക്കുന്നതിലൂടെ തന്നേയാണ് ശുദ്ധമാകുന്നത്. യോഗം വെക്കുകയാണെങ്കില് ഉയരുന്ന കലയുണ്ടാകും, യോഗം വെക്കുന്നില്ലാ എങ്കില് താഴ്ന്ന കലയും ഉണ്ടാകും. സേവനത്തില് താല്പ്പര്യം വേണം. സേവനത്തിന് പോകണോ എന്ന് ചോദിക്കരുത്. അപ്പോള് താല്പ്പര്യമില്ല എന്നാണ് ബാബ മനസിലാക്കുക. മനസാ വാചാ കര്മ്മണാ സേവനത്തില് താല്പ്പര്യം വേണം. മനസാ ഇല്ലെങ്കില് കര്മ്മത്താലോ വാക്കാലോ എന്തെങ്കിലും സേവനത്തില് മുഴുകണം എങ്കില് പ്രതിഫലവും ലഭിക്കും. സ്വയം ചെയ്യുന്നവര് ദേവത, പറഞ്ഞ് ചെയ്യുന്നവര് മനുഷ്യര്, പറഞ്ഞതിനും ശേഷവും ചെയ്യുന്നില്ല എങ്കില് യാതൊരു പ്രയോജനവും ഇല്ലാത്തവര്. എത്ര സേവനം ചെയ്യുന്നുവോ അത്രയും ഫലവും ലഭിക്കും.

ശിവബാബ ചോദിക്കുന്നു - എനിക്ക് കൈ ഉണ്ടോ ?ഈ ശരീരത്തില് ശിവബാബ ഇരിക്കുന്നില്ലേ. കത്തെഴുതുന്നില്ലേ. ദിവസം മുഴുവന് കാളപ്പുറത്ത് യാത്ര ചെയ്യുകയല്ല. കാള ക്ഷീണിക്കുമ്പോള് കണ്ണില് വെള്ളം വരും. ഇവിടെ കണ്ണുനീര് വരുന്ന കാര്യമേ ഇല്ല. ഇദ്ദേഹത്തിന് സേവനം ചെയ്യണം. എന്നെ മാത്രം ഓര്മ്മിക്കൂ എന്ന് കുട്ടികള്ക്ക് മനസിലാക്കി തരുന്നു. ഇത് ശിവബാബയാണ് കേള്പ്പിക്കുന്നത്, ഇദ്ദേഹത്തിന്റെ ആത്മാവും കേള്ക്കുന്നു. ഇത് വളരെ സഹജമാണ്. പരിധിയില്ലാത്ത അച്ഛന് തന്നേയാണ് സ്വര്ഗത്തിന്റെ രചയിതാവ്. സ്വര്ഗത്തിന്റെ സ്ഥാപനയും, നരകത്തിന്റെ വിനാശവും ചെയ്യുന്നതിന് ബാബ വന്നിരിക്കുന്നു. മഹാഭാരതയുദ്ധം സമീപം നില്ക്കുന്നു. യാദവരും, പാണ്ഡവരും, കൗരവരും ഉണ്ട്. ഇപ്പോള് കളി പൂര്ത്തിയാകുന്നു എന്ന് നിങ്ങള്ക്കറിയാം. ബാബ കൊണ്ട് പോകാന് വന്നിരിക്കുന്നു. ശിരസ്സില് വികര്മ്മങ്ങളുടെ ഭാരം ധാരാളമുണ്ട്. ഓര്മ്മിക്കുന്നില്ലെങ്കില് മഹാരാജാവും മഹാറാണിയും ആകില്ല. ഇത് രാജയോഗമാണ്, പ്രജായോഗമല്ല. യോഗം പൂര്ണ്ണമായി ചെയ്യുന്നില്ല എങ്കില് പ്രജയില് പെടും.ബാബാ, ഞാന് പൂര്ണ്ണമായും സമ്പത്തെടുക്കും എന്ന് പറയുന്നു.

എങ്കില് സേവനത്തിന് താല്പ്പര്യം വേണം. ഈ സമയം ഞാന് ശരീരം ഉപേക്ഷിക്കുകയാണെങ്കില് എന്തായി തീരും എന്ന് എഴുതി ചോദിക്കാം. അന്തിമത്തിലേ പരിപൂര്ണമാകൂ. ഇപ്പോള് നിങ്ങള് അപൂര്ണരാണ്. സ്വന്തം അവസ്ഥ പരിശോധിക്കണം - ഞാന് എത്രത്തോളം ബാബയുടെ സേവനത്തിലാണ് ?എത്രത്തോളം ആജ്ഞാകാരിയും, വിശ്വസ്തനും ആണ് ?ആര്ക്കെങ്കിലും ജീവദാനം നല്കാം എന്ന് എത്രത്തോളം സേവനത്തിനായി തുടിക്കുന്നുണ്ട് ?പാവങ്ങള് വളരെ ദു:ഖികളാണ്. ശാന്തീധാമിലേക്കും, സുഖധാമിലേക്കും കൊണ്ട് പോകാന് വന്ന ഒരേയൊരു സദ്ഗുരുവാണിത്. ആ ഗുരുജനങ്ങള്ക്ക് സ്വയം ജഗത് പിതാവ്, ജഗത് ശിക്ഷകന് എന്ന് പറയാന് സാധിക്കില്ല, ജഗത്ഗുരു എന്ന് മാത്രം പറയാം. ഇവിടെ ജഗത്പിതാവും,ടീച്ചറും, ഗുരുവും ഒന്ന് തന്നേയാണ്. ബാബ വന്നിരിക്കുന്നു എന്ന് നിങ്ങള്ക്കറിയാം എങ്കില് ബാബയില് നിന്ന് പൂര്ണമായും സമ്പത്തെടുക്കണം. ദേഹാഭിമാനം നല്ലതല്ല. ദേഹീ അഭിമാനിയായി ബാബയേ ഓര്മ്മിക്കുകയാണെങ്കില് പിന്നീട് നിങ്ങള് നിരോഗീ ശരീരധാരികളായി തീരും. അവിടെ പവിത്രതയും, സുഖവും, ശാന്തിയും, സമ്പത്തും ഉണ്ട്. അളവറ്റ സമ്പത്താണ്. ഇവിടെ നോക്കൂ, വയറിന് വേണ്ടി കൊല്ലും കൊലയുമാണ്. ശരി !

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ആത്മീയ വഴികാട്ടിയായി സത്യമായ യാത്ര ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യണം. ബുദ്ധിയോഗത്തില് വളരെ ശ്രദ്ധ വേണം. സ്വയത്തില് വളരെ ശ്രദ്ധ വെക്കണം.

2) ബാബയോട് സത്യമായി ഇരിക്കണം. കര്മ്മാതീതമാകുന്നതിന്റെ പുരുഷാര്ത്ഥം ചെയ്യണം. ജീവിച്ചിരിക്കെ തന്നെ എല്ലാം ബാബയ്ക്ക് സമര്പ്പിച്ച് സഫലമാക്കണം.

വരദാനം :- തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും സേവ ചെയ്യുന്ന നിരന്തര യോഗി നിരന്തര സേവാധാരിയുമായി ഭവിയ്ക്കട്ടെ.

സദാ ഈ സ്മൃതിയിലിരിക്കൂ, ബാബയെ അറിയുകയും നേടുകയും ചെയ്യുന്ന, കോടിയിലും ചിലരിലും ചിലരായ നമ്മള് ആത്മാക്കളാണ്. ഈ സന്തോഷത്തിലിരിക്കുകയാണെങ്കില് താങ്കളുടെ മുഖം നടക്കുമ്പോഴും കറങ്ങുമ്പോഴും ഒരു സേവാകേന്ദ്രമായി തീരും. താങ്കളുടെ പ്രസന്നമായ മുഖത്തിലൂടെ ബാബയുടെ പരിചയം ലഭിച്ചുകൊണ്ടിരിക്കും. ബാപ്ദാദ ഒരോ കുട്ടിയേയും യോഗ്യരാണെന്നു മനസ്സിലാക്കുന്നുണ്ട്. അപ്പോള് നടക്കുമ്പോഴും കറങ്ങുമ്പോഴും കഴിക്കുമ്പോഴും കുടിക്കുമ്പോഴും തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും ബാബയുടെ പരിചയം നല്കുന്ന സേവനം ചെയ്യുന്നതിലൂടെ, സഹജമായും നിരന്തര യോഗി, നിരന്തര സേവാധാരിയായിത്തീരുന്നു.

സ്ലോഗന് :- ആരാണോ അംഗദനു സമാനം അചഞ്ചലവും ദൃഢവും ഏകരസവുമായിരിക്കുന്നത്, അവരെ മായയാകുന്ന ശത്രുവിന് ഇളക്കുവാന് പോലും സാധിക്കില്ല.